**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6403** **08.11.2016-ൽ മറുപടിക്ക്**

# നിയമവാഴ്ച ഉറപ്പു നൽകുന്നതിനു നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് ക്രമസമാധാനം ഭദ്രമാക്കാനും, അഴിമതിക്ക് വിരാമമിടാനും, സ്വൈരജീവിതം ഉറപ്പുവരുത്തുവാനും, നിയമവാഴ്ച ഉറപ്പു നൽകുന്നതിനും നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; | (എ) സംസ്ഥാനത്ത് ക്രമസമാധാനം ഭദ്രമാക്കാനും സ്വൈര്യജീവിതവും നിയമവാഴ്ചയും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള നിയമപ്രകാരം യഥാസമയം കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പകൽ-രാത്രികാലങ്ങളിലെ പട്രോളിംഗ് കാര്യക്ഷമമായി നടത്തിയും, കർശനവും രഹസ്യവുമായ നിരീക്ഷണം നടത്തി മുൻകരുതൽ നടപടി സ്വീകരിച്ചും, സമാധാന അന്തരീക്ഷം ഉറപ്പുവരുത്തിയും, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെ മുൻനിർത്തി പിങ്ക് പോലീസ് പട്രോളും, പിങ്ക് ബീറ്റും ഏർപ്പെടുത്തിയും നിയമവാഴ്ച ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീകളിലും കുട്ടികളിലും സുരക്ഷാ അവബോധം സൃഷ്ടിച്ചും ജനമൈത്രി സംവിധാനം പോലുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചും സ്വയം രക്ഷാ ഉപാധികളെക്കുറിച്ച് സ്ത്രീകൾക്ക് അറിവ് നൽകിയും എല്ലാറ്റിനും ഉപരി കുറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചും വരുന്നു. അഴിമതിക്കെതിരെ വകുപ്പുതലത്തിൽ നിരീക്ഷണവും കർശന നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായ പിങ്ക് പട്രോൾ, പിങ്ക് ഫൂട്ട്ബീറ്റ് സംവിധാനങ്ങൾ മുൻസർക്കാരിന്റെ കാലത്ത് ഏതു തരത്തിലായിരുന്നു; നിലവിലെ സർക്കാർ ഇതിൽ എന്തു മാറ്റം വരുത്തിയെന്ന് വ്യക്തമാക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് പിങ്ക് പോലീസ് പട്രോളും, പിങ്ക് ബീറ്റും ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | സ്ത്രീകൾക്കായുള്ള വിമൺ സെൽഫ് ഡിഫൻസ് സെന്ററുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കും; വിശദാംശം ലഭ്യമാക്കുമോ; | (സി) | സ്ത്രീകൾക്കായുള്ള വിമൺ സെൽഫ് ഡിഫൻസ് സെന്ററുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച നിർഭയ പദ്ധതിയുടെ കീഴിൽ സ്ത്രീകൾക്കായി സെൽഫ് ഡിഫൻസ് ക്ലാസുകൾ സ്കൂളുകളും കോളേജുകളും കേന്ദ്രമാക്കി നടത്തിവരുന്നു. കൂടാതെ റസിഡൻഷ്യൽ അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ സെൽഫ് ഡിഫൻസിനെപ്പറ്റിയും സ്ത്രീ സുരക്ഷാ നിയമങ്ങളെപ്പറ്റിയും ആവശ്യമായ ബോധവൽക്കരണം സ്ത്രീകൾക്കിടയിൽ നൽകിവരുന്നു. |
| (ഡി) | പോലീസിലേയ്ക്കുള്ള റിക്രൂട്ട്മെന്റിന് ലിംഗവ്യത്യാസം ബാധകമാകാത്തവിധം നിയമനങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | പോലീസ് സേനയിൽ ഘട്ടംഘട്ടമായി കൂടുതൽ വനിതകളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ചെറു പട്ടണങ്ങളിൽ പോലീസ് കൺട്രോൾ റൂമുകൾ, പരമാവധി സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ, എ.ടി.എം.-കളിലുൾപ്പെടെ കൂടുതൽ ഇലക്ട്രോണിക് സെക്യൂരിറ്റി എന്നിവ ആരംഭിക്കാനുള്ള സർക്കാർ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങൾ കേന്ദ്രീകരിച്ച് കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ബസ്സ്റ്റാന്റ്/റെയിൽവെ സ്റ്റേഷൻ പരിസരങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. എ.റ്റി.എം. സെന്ററുകളിൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ